**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1141** **27-07-2021 - ൽ മറുപടിയ്ക്ക്**

**മൂന്നാർ എഞ്ചിനീയറിംഗ് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ നടത്തിപ്പവകാശം ഐ.എച്ച്.ആർ.ഡി. ക്ക് കൈമാറുന്നതിന് നിർദ്ദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ നടപടി സ്വീകരിക്കുമോ; | (എ) | മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ നടത്തിപ്പ ചുമതല ഐ.എച്ച്.ആർ.ഡി.ക്ക് നൽകുന്നതിനുള്ള നിർദ്ദേശമുണ്ടായിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിഗണിച്ചു വരികയാണ്. എന്നാൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്ന ഗണ്യമായ കുറവുമൂലം ഉണ്ടായ വരുമാന നഷ്ടത്തെ തുടർന്ന് ഐ.എച്ച്.ആർ.ഡി. കനത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ മൂന്നാർ എഞ്ചിനീയറിംഗ് കോളേജ് ഐ.എച്ച്.ആർ.ഡി. ഏറ്റെടുക്കുന്നത് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുമെന്ന് ഐ.എച്ച്.ആർ.ഡി. യുടെ 30.06.2021 തീയതിയിൽ നടന്ന 103-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം വിലയിരുത്തിയിട്ടുണ്ട്. എങ്കിലും പ്രസ്തുത നിർദ്ദേശത്തിന്റെ സാദ്ധ്യത പരിശോധിക്കും. |
| (ബി) | പ്രസ്തുത കോളേജ് ഐ.എച്ച്.ആർ.ഡി. ക്ക് കൈമാറുന്നതിന് സർക്കാരിനുണ്ടാകുന്ന സാമ്പത്തികബാധ്യത എത്രയെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത കോളേജ് ഐ.എച്ച്.ആർ.ഡി.ക്ക് കൈമാറുന്നതിന് ഏകദേശം 4.5 കോടി രൂപ നോൺ പ്ലാൻ ഫണ്ട് ഇനത്തിൽ അധിക സാമ്പത്തിക ബാധ്യത സർക്കാരിനുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ